## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3527** **14.10.2011-ൽ മറുപടിക്ക്**

### ശുചീകരണ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ. റ്റി.എൻ. പ്രതാപൻ
,, കെ. അച്ചുതൻ
,, ലൂഡി ലൂയിസ്
,, വി.റ്റി. ബൽറാം

എ) പകർച്ചപ്പനി പടരാതിരിക്കാൻ ശുചീകരണ പരിപാടി നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി)

എ) ഉണ്ട്. മൺസൂൺ കാലത്ത് കേരളത്തിൽ പകർച്ച വ്യാധികൾ പടർന്നുപിടിക്കുന്നതിനുള്ള സാധ്യത മുന്നിൽ കണ്ട് കൊണ്ട് മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ മുൻവർഷങ്ങളിലേതുപോലെ ഇപ്രാവശ്യവും നടപ്പിലാക്കി. ബഹുജനപങ്കാളിത്തം ഉറപ്പാക്കി കൊണ്ട് വാർഡ്തല ശുചിത്വകൂട്ടായ്മ, ശുചിത്വമാപ്പിംഗ്, പഞ്ചായത്ത്തല കർമ്മപരിപാടി രൂപീകരണം, ഡ്രൈഡേ ആചരണം, ശുചീകരണ പ്രവർത്തനങ്ങൾ, മറ്റ് ബോധവൽക്കരണ പരിപാടികൾ, എന്നിവ സംസ്ഥാനത്തുടനീളം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ. സംഘടിപ്പിക്കുകയുണ്ടായി. ഇപ്പോഴത്തെ പനിയുടെ പശ്ചാത്തലത്തിൽ ആരോഗ്യവകുപ്പുമായി സഹകരിച്ച് ശുചീകരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. 2011 ഒക്ടോബർ 2 മുതൽ ഒരു വർഷക്കാലം ശുചിത്വ വർഷമായി ആചരിക്കാൻ തീരുമാനിക്കുകയും, അതിന്റെ ഭാഗമായി ഊർജ്ജിത ശുചീകരണ പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു.

| | |
|---|---|
| ബി) മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലും എന്തെല്ലാം സൗകര്യങ്ങളാണ് ഇതിനായി ഒരുക്കിയത് ; | ബി) ജില്ലകളിൽ ആശ പ്രവർത്തകർ മുഖേന വീടുവീടാന്തരം ആരോഗ്യബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും പനിയുള്ളവർ ആരോഗ്യ സ്ഥാപനങ്ങളിലെത്തി ചികിത്സ എടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. വിവിധ ആശുപത്രികളിലും ആരോഗ്യസ്ഥാപനങ്ങളിലും മരുന്നുകളുടെ ലഭ്യത ഉറപ്പു വരുത്തുന്നു. ദൃശ്യമാധ്യമങ്ങൾ, സ്കൂൾ അസംബ്ളി, ബിറ്റ് നോട്ടീസ് എന്നിവ വഴിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഫലമായി രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ കഴിഞ്ഞു. പകർച്ചപ്പനിയെ പ്രതിരോധിക്കാനായി 2010 ഏപ്രിൽ മാസം മുതൽ "Four Plus"എന്ന പകർച്ച വ്യാധി പ്രതിരോധ തീവ്രയജ്ഞ പരിപാടി കേരളം മുഴുവൻ നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി എല്ലാ മെഡിക്കൽകോളേജിലും കാമ്പസ് ഫോർ പ്ളസ് എന്ന പേരിൽ നിരന്തര ശുചീകരണ, കൊതുകുനിർ മ്മാർജ്ജന, രോഗപ്രതിരോധ പരിപാടികൾ നടത്തിവരുന്നുണ്ട്. ആശുപത്രിയിലെ രോഗികളിൽ നിന്നും കൂട്ടിരിപ്പുകാർ, ഡോക്ടർമാർ, മറ്റ് ആശുപത്രി ജീവനക്കാർ എന്നിവർക്ക് രോഗം വരുന്നത് തടയുന്നതിനുള്ള കർമ്മ പരിപാടിയും കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തി ന്റെ കീഴിൽ പ്രവർത്തിക്കുന്ന RPIED സെൽ വഴി നടപ്പിലാക്കി വരുന്നു. മെഡിക്കൽ കോളജ് ആശുപത്രികളിലെ മുഴുവൻ ഹൗസ് സർജൻമാർക്കും ഇതിലേക്കായി പരിശീലനം നൽകി വരുന്നു. |

| | |
|---|---|
| ബി) മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലും എന്തെല്ലാം സൗകര്യങ്ങളാണ് ഇതിനായി ഒരുക്കിയത് ; | ബി) ജില്ലകളിൽ ആശ പ്രവർത്തകർ മുഖേന വീടുവീടാന്തരം ആരോഗ്യബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും പനിയുള്ളവർ ആരോഗ്യ സ്ഥാപനങ്ങളിലെത്തി ചികിത്സ എടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. വിവിധ ആശുപത്രികളിലും ആരോഗ്യസ്ഥാപനങ്ങളിലും മരുന്നുകളുടെ ലഭ്യത ഉറപ്പു വരുത്തുന്നു. ദൃശ്യമാധ്യമങ്ങൾ, സ്കൂൾ അസംബ്ളി, ബിറ്റ് നോട്ടീസ് എന്നിവ വഴിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഫലമായി രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ കഴിഞ്ഞു. പകർച്ചപ്പനിയെ പ്രതിരോധിക്കാനായി 2010 ഏപ്രിൽ മാസം മുതൽ "Four Plus"എന്ന പകർച്ച വ്യാധി പ്രതിരോധ തീവ്രയജ്ഞ പരിപാടി കേരളം മുഴുവൻ നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി എല്ലാ മെഡിക്കൽകോളേജിലും കാമ്പസ് ഫോർ പ്ളസ് എന്ന പേരിൽ നിരന്തര ശുചീകരണ, കൊതുകുനിർ മ്മാർജ്ജന, രോഗപ്രതിരോധ പരിപാടികൾ നടത്തിവരുന്നുണ്ട്. ആശുപത്രിയിലെ രോഗികളിൽ നിന്നും കൂട്ടിരിപ്പുകാർ, ഡോക്ടർമാർ, മറ്റ് ആശുപത്രി ജീവനക്കാർ എന്നിവർക്ക് രോഗം വരുന്നത് തടയുന്നതിനുള്ള കർമ്മ പരിപാടിയും കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തി ന്റെ കീഴിൽ പ്രവർത്തിക്കുന്ന RPIED സെൽ വഴി നടപ്പിലാക്കി വരുന്നു. മെഡിക്കൽ കോളജ് ആശുപത്രികളിലെ മുഴുവൻ ഹൗസ് സർജൻമാർക്കും ഇതിലേക്കായി പരിശീലനം നൽകി വരുന്നു. |

ശുചീകരണപ്രവർത്തനത്തിന് വകുപ്പുകളെ ഏകോപിച്ച് പ്രവർത്തിപ്പിച്ചിരുന്നുവോ ; വിശദാംശങ്ങൾ നൽകാമോ ?

സി) വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുതല ഉദ്യോഗസ്ഥരേയും സംഘടനകളേയും ഏകോപിച്ചുകൊണ്ട് വാർഡ്തലത്തിൽ മഴക്കാല ശുചിത്വ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിനായി പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ സർക്കുലർ (നം 22534/ഡി.സി.1/2011/തസ്വഭവ, തീയതി 26.04.2011 ) പുറപ്പെടുവിക്കുകയുണ്ടായി. ഇതനുസരിച്ച് പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. മഴക്കാല പൂർവ്വ ശുചിത്വക്യാമ്പയിനുമായി ബന്ധപ്പെട്ട് വാർഡ്തലത്തിൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും ഈ സർക്കുലറിൽ വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികളെകുറിച്ചും ഈ സർക്കുലറിൽ വിശദമായി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൻപ്രകാരം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശുചിത്വ കൂട്ടായ്മ, ശുചിത്വസ്കാഡുകളുടെ രൂപീകരണം, വാർഡ്തല ശുചിത്വമാപ്പിംഗ്, പഞ്ചായത്ത് നഗരസഭ കർമ്മപരിപാടി, 'ഡ്രൈഡേ' സന്ദേശപ്രചാരണം, എന്നിവ സംഘടിപ്പിക്കുകയുണ്ടായി. 2011 ഒക്ടോബർ 2 മുതൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് ശുചിത്വവർഷമായി ആചരിക്കാനും ശുചിത്വരംഗത്ത് കാതലായ മാറ്റങ്ങൾ വരുത്തുന്നതിനും ഉള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ